പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2366**

07.02.2019 - ൽ മറുപടിക്ക്

**ഉജ്ജീവന സഹായ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| പ്രളയബാധിതർക്കായി രൂപം നൽകിയ ഉജ്ജീവന സഹായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | 17/12/2018-ലെ സ.ഉ.(കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗസംരംക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാംഭിക്കുന്നതിലേക്കായി ***ഉജ്ജീവന സഹായ പദ്ധതി*** പ്രഖ്യാപിച്ചിട്ടുണ്ട്.<br>വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br>ടേം ലോണിന് വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായും പ്രവർത്തന മൂലധന വായ്പയ്ക്ക് വായ്പയുടെ 25% പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായും സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് ഇറങ്ങുന്നതിനു മുൻപും പ്രളയത്തിൽ നഷ്ടം സംഭവിച്ച് വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും |

സെക്ഷൻ ഓഫീസർ.

ജക/04/02/19